E5-6281/22/DSYA 18.03.2023

<u>പ്രസിദ്ധീകരണം</u>

ജീ വി രാജാ സ്പോർട്ട്സ് സ്കൂൾ, കണ്ണൂർ സ്പോർട്ട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്ട്സ് സ്കൂൾ എന്നിവിടങ്ങളിൽ അഡ്മിഷനു വേണ്ടി 2023 ജനുവരി 27 മുതൽ ഫെബ്രുവരി 16 വരെ നടത്തിയ ടാലെൻറ് ഹണ്ടിൽ പങ്കെടുക്കുവാൻ കഴിയാത്ത കുട്ടികൾക്കായി 2023 മാർച്ച് 25 ന് മേൽപ്പറഞ്ഞ സെൻററുകളിൽ രാവിലെ 10 മണിക്ക് സെലക്ഷൻ നടത്തുന്നു. 6,7, 8,+1 ക്ലാസുകളിൽ നേരിട്ടും 9,10 ക്ലാസുകളിൽ ലാറ്ററൽ എൻട്രിയിലൂടെയും ആണ് സെലക്ഷൻ. 6,7 ക്ലാസുകളിലേക്കുള്ള സെലക്ഷൻ കായികക്ഷമതാ ടെസ്റ്റിൻറെ അടിസ്ഥാനത്തിലും 8,+1 ക്ലാസുകളിലെ സെലക്ഷൻ കായികക്ഷമതയുടെയും അതാത് കായിക ഇനത്തിലെ മികവിൻറെയും അടിസ്ഥാനത്തിലുമാണ്. 9,10 ക്ലാസുകളിലേക്കുള്ള ലാറ്ററൽ എൻട്രിക്ക് സംസ്ഥാനതലത്തിൽ മെഡൽ കരസ്ഥമാക്കിയിരിക്കണം. അത്ലറ്റിക്സ്, ബാസ്കറ്റ്ബോൾ, ബോക്സിംഗ്, ജൂഡോ, വോളിബോൾ, റെസ്ലിംഗ് എന്നീ കായിക ഇനങ്ങളിലേക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ക്രിക്കറ്റ്, തായ്ക്വണ്ടോ എന്നീ ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രവുമായിരിക്കും സെലക്ഷൻ. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ സ്പോർട്ട്സ് കിറ്റുമായി 25ാം തീയതി രാവിലെ 10 മണിക്ക് അതാത് കേന്ദ്രങ്ങളിൽ എത്തിച്ചേരേണ്ടതാണ്. പ്രാഥമിക സെക്ഷനിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികളെ ഒരാഴ്ച നീണ്ടുനിക്കുന്ന അസ്സെസ്സ്മെൻറ് ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതാണ്. ക്യാമ്പിലെ പ്രകടനത്തിൻറെയും, ടെസ്റ്റുകളുടെയും അടിസ്ഥാനത്തിൽ വിവിധ ക്ലാസുകളിലേക്ക് അഡ്മിഷനുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കും.

നേരത്തെ നടന്ന സെലക്ഷനിൽ പങ്കെടുത്തവർ വീണ്ടും പങ്കെടുക്കുവാൻ പാടില്ല.



Seena A. N.
Additional Director

The document is digitally approved. Hence signature is not needed.